**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3262** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡിന്റെ 3-ാം തരംഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ 3-ാം തരംഗം ഉണ്ടാകുമെന്നും അത് കുട്ടികളെ ബാധിക്കുമെന്നും പ്രചരിക്കുന്നതിന്റെ നിജസ്ഥിതി വിശദീകരിക്കാമോ? | (എ) | കേരളത്തിൽ കോവിഡ് രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ട നാൾ മുതൽ തന്നെ പ്രായമടിസ്ഥാനമാക്കിയുള്ള രോഗ സ്ഥിരീകരണ നിരക്ക് ആരോഗ്യവകുപ്പ് സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. വാക്സിൻ നൽകിയിട്ടില്ലാത്ത വിഭാഗം എന്ന നിലയിൽ ഇനിയൊരു തരംഗം ഉണ്ടാവുകയാണെങ്കിൽ അത് കുട്ടികളെയായിരിക്കും ബാധിക്കുക എന്ന അഭിപ്രായങ്ങൾ ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ അതിന് വേണ്ട മുൻകരുതലുകൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കുട്ടികൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ചികിത്സാ സംവിധാനങ്ങളിൽ കുട്ടികളെ ചികിത്സിക്കുന്നതിന് വേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിച്ചു. താലൂക്കാശുപത്രി, ജില്ലാ ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit കൾ സ്ഥാപിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തി. എല്ലാ മെഡിക്കൽ കോളേജുകളിലും ചുരുങ്ങിയത് പത്ത് പീഡിയാട്രിക് ബെഡുകൾ സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ആവശ്യമായ പരിശീലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ